ഭക്ഷ്യവും സിവിൽസപ്ലൈസും , വകുപ്പുമന്ത്രി (ശ്രീ. യു. എ. ബീരാൻ) :

(എ ബി) ചില റേഷൻ കടകളിൽനിന്ന് കൃത്യമായ അളവിൽ സാധനങ്ങൾ കിട്ടുന്നില്ല എന്നുള്ള പരാതികൾ ലഭിക്കാറുണ്ട്. അങ്ങനെ പരാതി ലഭിക്കുന്ന കടകളെ സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരെക്കൊണ്ട് അടിയന്തിരമായി അന്വേഷിച്ച് വേണ്ട മേൽ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

കാർഷികാദായനികുതി ചുമത്തുന്നതിനുള്ള സമ്പ്രദായം

* 276 [416] ശ്രീ. പി. പി. തങ്കച്ചൻ :
,, കെ. കെ. തോമസ് :
,, ജോസ് കുറിയാനി :
,, കെ. മുഹമ്മദാലി :
,, എ. എം. ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷികാദായനികുതി ചുമത്തുന്നതിന് നിലവിലുള്ള സമ്പ്രദായം എപ്രകാരമാണ് ;

(ബി) ഈ സമ്പ്രദായം പരിഷ്കരിക്കാൻ ഉദ്ദേശമുണ്ടോ ;

(സി) ഇതിനായി ഏതെങ്കിലും വിദഗ്ദ്ധസമിതി രൂപീകരിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഈ സമിതിയുടെ ശുപാർശകൾ എന്തെല്ലാമാണ് ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ) :

(എ) കാർഷികാദായനികുതി ചുമത്തുന്നത് ഓരോ വർഷത്തിലുമുള്ള കാർഷികവരുമാനത്തിന്റെ അടിസ്ഥാനത്തിലാണ്.

(ബി, സി, ഡി) കാർഷികാദായനികുതി, വിൽപ്പനനികുതി നിയമങ്ങൾ പരിഷ്കരിക്കുന്നത് സംബന്ധിച്ച് ശുപാർശകൾ സമർപ്പിക്കുവാൻ ജസ്റ്റിസ് ജോർജ് വടക്കേൽ ചെയർമാനായി ടാക്സസ് കമ്മീഷനെ നിയമിച്ചിട്ടുണ്ട്. കമ്മീഷൻ പഠനം പൂർത്തിയാക്കി ഫൈനൽ റിപ്പോർട്ട് നൽകിയിട്ടില്ല.

ഹരിജനങ്ങൾക്ക് കൃഷിഡിപ്പാർട്ടുമെന്റിൽ നിന്നും നൽകുന്ന സഹായങ്ങൾ

* 277 [417] ശ്രീ. പി. കുമാരൻ :
,, കെ. റ്റി. കുണ്ടാരൻ :
,, കെ. ആർ. ചന്ദ്രമോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിജനങ്ങൾക്ക് കൃഷി ഡിപ്പാർട്ടുമെന്റിൽ നിന്നും എന്തെല്ലാം സഹായങ്ങൾ നൽകിവരുന്നു ;

(ബി) ഇത് ഏതെല്ലാം ഏജൻസികൾ വഴിയാണ് നൽകിവരുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഏതെങ്കിലും ജനകീയ കമ്മിറ്റികളുമായി ആലോചിച്ചിട്ടാണോ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത് ;

(ഡി) ആണെങ്കിൽ അത്തരത്തിൽ എത്ര ജനകീയ കമ്മിറ്റികൾ പ്രവർത്തിച്ചുവരുന്നു ?

കൃഷിവകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ) :

(എ) വിവിധയിനം നടീൽ വസ്തുക്കൾ, വളം, കീടനാശിനി, സസ്യസംരക്ഷണ ഉപകരണങ്ങൾ, മണ്ണുസംരക്ഷണമുൾപ്പെടെയുള്ള ഭൂവികസനം, ജലസേചന സൗകര്യം, കാർഷിക ഉപകരണങ്ങൾ, ആധുനിക കൃഷിരീതികളിൽ പരിശീലനം, കാർഷിക സേവനകേന്ദ്രങ്ങൾ തുടങ്ങിയ സഹായങ്ങൾ നൽകിവരുന്നു.

(ബി) കൃഷിവകുപ്പിന്റെ ഈ സഹായങ്ങൾ ജില്ലാ കളക്ടർ അദ്ധ്യക്ഷനായി ജില്ലാതലത്തിൽ രൂപീകരിച്ചിട്ടുള്ള കമ്മിറ്റി അംഗീകരിക്കുന്ന വിവിധ പദ്ധതികളനുസരിച്ച് പ്രാദേശികതലത്തിലുള്ള കാർഷിക വികസന യൂണിറ്റിൽ കൂടിയാണ് പ്രധാനമായും നൽകിവരുന്നത്.

(സി) പട്ടികജാതിക്കാരുടെ കോളനികളെ കേന്ദ്രീകരിച്ച് നടപ്പാക്കുന്ന ഈ പരിപാടികളിൽ ആ കോളനികളിലുള്ള എല്ലാ പട്ടികജാതിക്കാരെയും ഉൾപ്പെടുത്താറുണ്ട്. അവരെ തിരഞ്ഞെടുക്കുന്നതിന് പ്രത്യേക ജനകീയ കമ്മിറ്റികൾ ഒന്നുമില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ഉപഭോക്താക്കളെ ബോധവൽക്കരിക്കാനുള്ള പരിപാടി

* 278 [418] ശ്രീ. നാലകത്ത് സൂപ്പി :
,, കൊരമ്പയിൽ അഹമ്മദ്ഹാജി :
,, കെ. പി. എ. മജീദ് :
,, പി. കെ. കുഞ്ഞാലിക്കുട്ടി :
,, ഇ. ടി. മുഹമ്മദ്ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി ദയവു മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഉപഭോക്താക്കളെ ബോധവൽക്കരിക്കാനുള്ള വല്ലെങ്കിലും പരിപാടി ഭക്ഷ്യവകുപ്പോ, സിവിൽസപ്ലൈസ് കോർപ്പറേഷനോ നടത്തുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) ഇല്ലെങ്കിൽ ഇത്തരം ഒരു പരിപാടി നടപ്പാക്കുവാൻ സർക്കാർ നടപടി സ്വീകരിക്കാമോ ?

ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. സു. എ. ബീരാൻ) :

(എ) ഉണ്ട് ; സിവിൽസപ്ലൈസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ഈ രംഗത്ത് ആവശ്യമായ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ബി) സ്ഥാനത്തിന്റെ വിവിധഭാഗങ്ങളിൽ വിവിധതലങ്ങളിൽ ഉപഭോക്തൃ സംരക്ഷണ പ്രസ്ഥാനവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകളുടെ പ്രവർത്തനം ഏകോപിപ്പിച്ച് ശക്തമായ ഒരു ഉപഭോക്തൃ പ്രസ്ഥാനത്തിന് രൂപം നൽകാൻ

LIBRARY ARCHIVES Kerala Legislative Assembly